"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - പി എം. എ. വൈ. (നഗരം) പദ്ധതി - എസ്. സി. ഘടകം - 2217-05-789-98 എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തിയ 60,38,37,000/- രൂപ - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.1437/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/08/2020

പരാമർശം:- 1 സ ഉ (സാധാ) നം. 712/2020/തസ്വഭവ തീയതി 26/03/2020

2 നഗരകാര്യ ഡയറക്ടറുടെ 22/04/2020-ലെ ഡി.സി2-25884/2016 വാല്യം 2 നം. കത്ത്

3 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/04/2020 തീയതിയിലെ 10741/എൻ/2016/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

4 സ ഉ (സാധാ) നം. 3209/2020/ധന തീയതി 26/05/2020

**ഉത്തരവ്**

പി എം. എ. വൈ. (നഗരം) പദ്ധതിയ്ക്കായി എസ്. സി. ഘടകത്തിൽ ഉൾപെടുത്തി കേന്ദ്ര വിഹിതമായി അനുവദിച്ച 6709.30 ലക്ഷം രൂപ 2217-05-789-98 എന്ന ശീർഷകത്തിൽ നിന്നും എസ്. റ്റി. ഘടകത്തിൽ ഉൾപെടുത്തി അനുവദിച്ച 404.83 ലക്ഷം രൂപ 2217-05-796-98 എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ ടി തുകയിൽ 6,70,93,000/- രൂപ മാത്രമേ കുടുംബശ്രീക്ക് അനുവദിച്ചിട്ടുള്ളു എന്നും ബാക്കി തുകയായ 60,38,37,000/- ലഭിച്ചിട്ടില്ലെന്നും ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ 2217-05-789-98 എന്ന ശീർഷകത്തിൽ ലഭിക്കേണ്ടതായിട്ടുള്ള ഈ തുക പ്രസ്തുത ശീർഷകം 2020-21 സാമ്പത്തിക വർഷം നിലവിലില്ലാത്തതിനാൽ 2217-05-789-98 എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം(4) ലെ ഉത്തരവ് പ്രകാരം 2217-05-789-98 ശീർഷകത്തിൽ 60,38,37,000/- അധികമായി വകയിരുത്തിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം 2217-05-789-98 എന്ന ശീർഷകത്തിൽ അനുവദിച്ച 60,38,37,000/- രൂപ റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത തുക Re-appropriation മുഖേന ക്രമീകരിക്കുന്നതിനാവശ്യമായ നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജൻ സി വി ഐ എ എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എൽ ബി എ & എ / എ & ഇ)
ധനകാര്യ വകുപ്പ് (DEV-2/40/2020-FIN തീയതി 28/05/2020 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.03 12:25:04 IST
Reason: Approved
സെക്ഷൻ ഓഫീസർ